# ജ്വാല

## GOVT. V H S S CHUNAKKARA



36013

little KITEs

ലിറ്റിൽ കൈറ്റ്സ്
ഹൈടെക് വിദ്യാലയങ്ങളിലെ
കുട്ടികളുടെ
ഐ.ടി കൂട്ടായ്മ

# ആമുഖം

പ്രിയപ്പെട്ട ക്രൂട്ടുകാരെ,

വാക്കുകൾ സർഗ്ഗ താളങ്ങളായി.... വായനയുടെ നിറച്ചാർത്തിലേയ്ക്ക്... വർണ്ണം ചാലിച്ച വർണ്ണനങ്ങളുടെയും ചിത്രങ്ങളുടെയും ലോകത്തിലേക്ക് ഇന്നിന്റെ നവമുകുളങ്ങളായ ഞങ്ങൾ സ്രൃഷ്ടാക്കളാകുന്നു.വായനയുടെ ചില്ലയിൽ ഏറി പറക്കാൻ ചിന്തകൾക്ക് ര്രൂപംനൽകാൻ സ്നേഹം പകരാൻ ക്രൂട്ടുകാർക്ക് ക്രൂട്ടുക്രൂടാൻ അറിവിന്റെ ആനന്ദത്തിന്റെ നുറുങ്ങുകൾ ഇഴചേർക്കാൻ ഞങ്ങളുടെ ഈ ജ്വാല എന്ന സ്ക്രൂൾ മാഗസിൻ ഇവിടെ സമർപ്പിക്കുന്നു

എന്ന് എഡിറ്റർ

# സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനു വേണ്ടി നൂതന പ്രവർത്തനങ്ങൾ നമ്മുടെ ഗവൺമെൻറ് വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നു. അതിൽ എടുത്തു പറയാവുന്ന ഒരു പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ്- വിദ്യാലയത്തെ ഹൈടെക് ആക്കാൻ സാധ്യമാക്കുന്ന ഒരു മികച്ച പ്രവർത്തനം.

വായനയ്ക്ക് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയോടുള്ള താൽപര്യം ഉണ്ടാക്കിയെടുക്കുൻ ഈ മാഗസിൻ സഹായകരമാണെന്നകാര്യത്തിൽ സംശയമില്ല. കാലത്തിനനുസൃതമായി നമ്മുടെ വായനാ സംസ്കാരം മാറ്റിയെടുക്കാൻ സാധ്യമായ രീതിയിലുള്ള ഈ പ്രവർത്തനത്തെ എത്ര പ്രശംസിച്ചാലും മതിയാവില്ല. ഈ മാഗസിൻ പ്രവർത്തനങ്ങളിലേക്ക് വിദ്യാർഥികളെ നയിച്ച അധ്യാപകരേയും അവരുടെ സേവനങ്ങളേയും ഈ അവസരത്തിൽ സ്മരിക്കുന്നു. കണ്ടുപരിചയിച്ച വായന രീതികളിൽ നിന്ന് വിഭിന്നമായി വായനയുടെ ഒരു പുതുലോകം തീർക്കാൻ ഈ ഉദ്യമത്തിന് കഴിയട്ടെ... ..

**ഹെഡ്മിസ്ട്രസ്**
**ശ്രീമതി. വിജയകുമാരി. കെ**

# ആശംസകൾ

നമ്മുടെ വിദ്യാലയം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളും, മാതൃകാപരമായ പ്രവർത്തനങ്ങളും, കുട്ടികളുടെ സർഗാത്മകത കഴിവുകളും, വിവരവിനിമയ സാങ്കേതിക വിദ്യയിലുള്ള ഇടപെടലുകളും ഉൾക്കൊള്ളിച്ച് പുറത്തിറക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ സ്ക്രൂൾ ഡിജിറ്റൽ മാഗസിനെ എല്ലാവിധ ആശംസകളും നേരുന്നു

**ഗോപാലകൃഷ്ണൻ. പി. വി**

**പി.ടി.എ. പ്രസിഡന്റ്**

# ചുനക്കരയുടെ ചരിത്രം

## എന്റെ വിദ്യാലയത്തിന്റെയും

എന്റെ വിദ്യാലയം
സ്ഥിതിചെയ്യുന്ന ഗ്രാമമായ
ചുനക്കരയെപറ്റി ചരിത്രം
എഴുതാനുള്ള
ഒരുസുവർണാവസര
മാണ്എന്നിൽവന്നു
ചേർന്നിരിക്കുന്നത്.
ചരിത്രത്തിൽ ഇടം
പിടിച്ചിട്ടില്ലാ ത്തതും
എഴുതപ്പെടാത്തതുമായ ഒരു
പ്രദേശത്തിന്റെ വിവരണം
തയ്യാറാ ക്കുക എന്നത്
ക്ലേശകരമാണ്. എങ്കിലും
ലഭ്യമായ രേഖകളുടെയും
കേട്ടറിവിന്റെയും
വെളിച്ചത്തിൽ
തയ്യാറാക്കിയതാണീ
വിവരണം.

### *പേരു വന്നവഴി*

ഭൂമി ശാസ്ത്ര പരമായി
ചുനക്കര എന്ന ഗ്രാമം
സ്ഥിതിചെയ്യുന്നത് ആലപ്പുഴ
ജില്ലയിലെ മാവേലിക്കര
താലൂക്കിന്റെ
തെക്കു കിഴക്ക്
ഭാഗത്താണ്. ഏതു
സ്ഥലത്തിന്റെ പേരിനു
പിന്നിലും ഭൂമിശാസ്ത്രപരമോ,
ഐതിഹ്യപരമോ,
ചരിത്രപരമോ ആയ
പശ്ചാത്തലം ഉണ്ടായിരിക്കും.
"ചുനക്കര" എന്ന നാമം
ലഭിച്ചതിന് പല കഥകളും
പറഞ്ഞുകേൾക്കുന്നു.
അതിൽഒന്ന് "ചൊനക്കര"
യിൽനിന്ന് രൂപപ്പെട്ടത്
എന്നതാണ്. ചൊനക്കര
എന്നാൽ ചൊനയുടെ
കരയോ ചൊനയുള്ള
കരയോ ആകാം
ചൊനയെന്നാൽ ജലം
അഥവാ നീർ
എന്നാണർത്ഥം.
നാലുഭാഗവും വെള്ളത്താൽ
ചുറ്റപ്പെട്ട കരഭാഗം എന്ന
ആശയത്തിനാണ് കൂടുതൽ
പ്രസക്തി. ഗ്രാമത്തിന്റെ
നാലുപാടും വയലേലകളും
നീരുറവ കളും
നിറഞ്ഞതാണ്ഈ ഗ്രാമം
മാവേലിൻപാടം
പെരുവേലിൽപുഞ്ച,
വെട്ടിക്കോട്ട് പാടം, തഴക്കര
പുഞ്ച എന്നിവയാൽ
ചുറ്റപ്പെട്ടു കിടക്കുന്നു.

പേരുമായി ബന്ധപ്പെട്ട മറ്റൊരു കഥയുണ്ട് "ശുനകൻ" എന്നൊരു മഹർഷി ഇവിടെ തപസ്സ് ചെയ്തിരുന്നു എന്നും അതിനാൽ ശുനകക്കര പിൽക്കാലത്ത് ചുനക്കരയായി മാറിയെന്നും പറയപ്പെടുന്നു. ഈ വിവരണം സ്ഥലപുരാണം എന്ന പുസ്തകത്തിൽ കാണാനുണ്ട്. അതിനാൽ ഈ അഭിപ്രായത്തിന് പ്രസക്തിയുണ്ട്.

മറ്റൊരു അഭിപ്രായവും ഇവിടെ യുള്ളവർ പറയുന്നു. ഇവിടുത്തെ മണ്ണിന് ചുവന്ന നിറമായതിനാൽ ചുവന്നകര പിന്നീട് ചുനക്കര യായിമാറി എന്നും പറയുന്നു. വടക്ക് തഴക്കര മുതൽ തെക്ക് താമരക്കുളം വരെയും കിഴക്ക് നൂറനാട് മുതൽ പടിഞ്ഞാറ് ഭരണിക്കാവ് വരെയും ഏകദേശം17.32 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന കാർഷിക പ്രദേശമാണ്ചുനക്കര.

## കൃഷികൾ, തൊഴിൽ

ഗ്രാമീണഭംഗി നിറഞ്ഞുനിൽക്കുന്ന പ്രദേശമാണിത് വയലേലകൾ, തോട്, തെങ്ങിൻതോപ്പുകൾ എന്നിവയാലും ഗ്രാമത്തിന്റെ ലാളിത്യവും ഭംഗിയും നിലനിർത്തിപ്പോന്നു. എക്കൽ മണ്ണും, ചെങ്കൽ മണ്ണും ധാരാളമുള്ള ഈ പ്രദേശത്ത്, നെല്ലും തെങ്ങും കപ്പയും പ്രധാനവിളകളായിരുന്നു എന്നാൽ ഇപ്പോൾ റബ്ബർ ആണ് ഈ സ്ഥാനം കൈയടക്കി യിരിക്കുന്നത് വാഴ ,ഇഞ്ചി, കുരുമുളക് എന്നിവയും കൃഷിചെയ്യുന്നുണ്ട്. കന്നുകാലി വളർത്തലാണ് മറ്റൊരു പ്രധാന തൊഴിൽ. കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കുറഞ്ഞ വിഭാഗം ആളുകൾ ഇവിടെയുണ്ട്. ഗൾഫ് സ്വാധീനം ജനജീവിതത്തിൽ പ്രകടമാണ്

## ക്ഷേത്രം

ഏതാണ്ട് 1400 ൽപരം വർഷം പഴക്കം ഗണിക്കാവുന്നതും സർവ്വ സ്വയംഭൂ ആയിട്ടുള്ളതു മായ ക്ഷേത്രമാണ് ചുനക്കര തിരുവൈരൂർ മഹാദേവർക്ഷേത്രം. ക്ഷേത്രത്തെ ക്കുറിച്ചുള്ള ഐതിഹ്യം ഇപ്രകാരമാണ്

ചവറ് അറത്തുകൊണ്ടിരുന്ന
ഒരു കുറവ സ്ത്രീ അരിവാളിന്
മൂർച്ച കൂട്ടാനായി
അടുത്തുകണ്ട ശിലയിൽ
ഉരസി യപ്പോൾ അതിൽനിന്നും
രക്തം
പൊടിഞ്ഞു ഇതുകണ്ട്
ഭയാക്രാന്തയായി നിലവിളിച്ച്
ഓടിയ ആ സ്ത്രീതട്ടി വീണ്
മരിക്കുകയുണ്ടായി കൂട്ടത്തിൽ
ഉള്ളവരിൽ നിന്ന് വാർത്ത
പരക്കുകയും ചോരപൊടിഞ്ഞ്
ശില വിശുദ്ധമായി
കാണുകയും ചെയ്തു ഈ
കാലയളവിൽ
ബന്ധുസന്ദർശനത്തിനായി
യാത്രതിരിച്ച
അയിരൂർ തമ്പുരാൻ
യാത്രാമധ്യേ ഒരു
വൃക്ഷച്ചുവട്ടിൽ വിശ്രമാർത്ഥം
എത്തിച്ചേർന്നു
ശിവഭക്തനായിരുന്ന
തമ്പുരാൻ അഷ്ടമി
ദിവസമായിട്ടും ശിവ പൂജ
ചെയ്യാൻ നിവൃത്തിയില്ലല്ലോ
എന്നോർത്ത് ദുഃഖിതനായി
ഇരിക്കുമ്പോൾ ഒരു
സ്വപ്നദർശനം ഉണ്ടായത്രേ
കിഴക്കുദിക്കിലെ മലമുകളിൽ
തന്റെ ചൈതന്യം ഉണ്ടെന്നും

അതിൽ അഭിഷേകാർച്ചന
നടത്തി സ്വസ്ഥനാകുക
എന്നതുമായിരുന്നു സ്വപ്നം.
സമീപത്ത് ആവിപറക്കുന്ന ഒരു
പാട്ടച്ചാണകം കാണുന്ന
ശിലയാണ് തന്റെ ചൈതന്യം
കുടികൊള്ളുന്നതെന്ന
സൂചനയും നൽകിയിരുന്നു
സമീപത്തെ കുടുംബത്തിലെ
കാരണവരെ വിളിച്ചു
വഴികാട്ടിയായി മുൻപേ
നടത്തിച്ചു. അങ്ങനെ
തമ്പുരാനും പരിവാരങ്ങളും ആ
ശിലയ്ക്ക് സമീപത്തെത്തുകയും
അടുത്ത വീടുകളിൽ നിന്നും
കരിക്കും ഇതര സാധനങ്ങളും
കൊണ്ടുവന്ന് അഭിഷേകവും
അർച്ചനയും നിവേദ്യവും
നടത്തി തമ്പുരാനിൽനിന്ന്
വിവരങ്ങ ളറിഞ്ഞ് ഓടനാട്
രാജാവ് അവിടെ ഒരു ക്ഷേത്രം
പണികഴിപ്പിക്കാൻ അനുമതി
നൽകി

ദാരുശില്പങ്ങളാൽ
അലംകൃതമായ
ചുമരുകളോടുകൂടിയ
ശ്രീകോവിലുകൾ
ഓണാട്ടുകരയിലെ
അമ്പലങ്ങളിൽ
സാധാരണമാണ്. കുട്ടംപേരൂർ,

തൃക്കുരട്ടി, പുതിയകാവ്
,വലിയകുളങ്ങര, ചെട്ടികുളങ്ങര
തുടങ്ങി ഈ
വിഭാഗത്തിൽപ്പെടുന്ന
പത്തുപതിനഞ്ച് ക്ഷേത്രങ്ങൾ
ഇവിടങ്ങളിൽ കാണാം
സ്വയംഭൂവായ ശിവലിംഗത്തോട്
കൂടിയതെന്ന് ഐതിഹ്യങ്ങൾ
പറയുന്ന തിരുവൈരൂർ
ക്ഷേത്രം അനേകം
ചരിത്രസംഭവങ്ങൾക്ക്
സാക്ഷിയാണ് "അയിരൂർ"
എന്ന പേരുതന്നെ
അയിരമലയെപ്പറ്റി
ഓർമ്മിപ്പിക്കും.
അയിരമലയാകട്ടെ സംഘകാല
ചേരന്മാരുമായി
ബന്ധപ്പെടുന്നു. കൊല്ലവർഷം
ഉപയോഗിക്കുന്ന രേഖകളിൽ
കണ്ടുകിട്ടിയിടത്തോളം
ആദ്യത്തേതായ വേണാട്
രാജാവ് ശ്രീവല്ലഭൻ കോതയെ
പരാമർശിക്കുന്ന "മാമ്പള്ളി"
പട്ടയത്തിലും അയിരൂർ
ക്ഷേത്രത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്
മാമ്പള്ളി പട്ടയത്തിലെ
അയിരൂർ ക്ഷേത്രം
തിരുവല്ല താലൂക്കിലാണ് എന്ന്
എ. എസ്. രാമനാഥ അയ്യർ
പറയുന്നുണ്ടെങ്കിലും അത്
ചുനക്കരയിലെ തിരുവൈരൂർ
ക്ഷേത്രം ആകാനുള്ള സാധ്യത
തള്ളിക്കളയാ നാവില്ല

ക്ഷേത്രദർശന കവാടത്തിന്
ഇരു വശത്തായി
സ്ഥിതിചെയ്യുന്ന ദ്വാരപാലക
ന്മാരാണ് ക്ഷേത്രത്തിൽ
എത്തുന്നവരെ ഒന്നാമതായി
ആകർഷിക്കുക

മധുര മീനാക്ഷിയുടെ
പ്രേമഭക്തി പരീക്ഷിക്കാൻ വള
വിൽക്കുന്ന ഒരു ചെട്ടിയായി
എത്തുന്ന സുന്ദരേശ്വര
ശിവന്റെ കഥയാണ് പ്രദക്ഷിണ
ക്രമത്തിൽ നോക്കുമ്പോൾ
ശ്രദ്ധയിൽപെടുന്നത്.
ഹാലാസ്യ
മാഹാത്മ്യ ദർശനം
ഉൾക്കൊണ്ട ഒരു ശില്പത്തെ
ഇവിടെ കാണാം നാലു
കൈകളോടുകൂടിയ
ഗണപതിയുടെ
സുന്ദര ശിൽപവും ഈ
ഭാഗത്തെ കലാസൃഷ്ടികളിൽ
പ്രധാനമാണ് പലകകളിലുള്ള
മഹാവിഷ്ണു അനന്തശയനം,
ശ്രീകൃഷ്ണൻ തുടങ്ങിയ
ശില്പങ്ങളിൽ വെച്ച്
ഉമാമഹേശ്വരന്മാർ, വീരാരാമൻ
എന്നിവ അതീവ ചമൽക്കാര

പൂർണമായിട്ട് ഉണ്ട് ജാഡ്യത്തെ
തട്ടിത്തെറിപ്പിക്കുന്ന
ചേതനയുടെ
പുരുഷാകാരമാണ്
ഈ വീരാരാമൻ ഇതര
കേരളീയ അനന്ത
ശയനശില്പങ്ങളെപ്പോലെ ഈ
ശില്പത്തിനും രണ്ടു കൈകൾ
ആണുള്ളത് . ഉറിയുടെ
ചിത്രീകരണത്തിന് കയറിന്റെ
ഇഴകൾ മാത്രമല്ല നാരുകൾ
പോലും വേർതിരിച്ചു
കാണിക്കാനുള്ള ശില്പികളുടെ
വൈഭവം ചാത്തൻ
കുളങ്ങരയിലും കവിയൂരിലും
മറ്റു മെന്നപോലെ ഇവിടെയും
കാണാം സൂക്ഷ്മ
വിശദാംശങ്ങൾ ആവിഷ്കരിക്കു
മ്പോൾ തങ്ങൾ കണ്ടറിഞ്ഞ
ജീവിത നാടകങ്ങളുടെ
വൈവിധ്യം സ്വാഭാവിക മായും
കടന്നുവരുന്നുണ്ട് ഉത്തര
രാമായണ കഥകൾ
ചുനക്കരയിലെ ശില്പികളും
ഉപേക്ഷിച്ചിരിക്കുകയാണ്

## മറ്റുള്ള ദേവാലയങ്ങൾ

പുരാതനകാലം മുതൽ
മതമൈത്രിക്ക് പേരുകേട്ട
പ്രദേശമാണ് ചുനക്കര
ഹിന്ദുക്കളും മുസ്ലിംങ്ങളും
ക്രിസ്ത്യാനികളും
സാഹോദര്യത്തോടെ ഇവിടെ
കഴിഞ്ഞുവരുന്നു ചുനക്കര
തിരുവൈരൂർ മഹാദേവ
ക്ഷേത്രത്തിലെയും മറ്റു
ക്ഷേത്രങ്ങളിലെയും ആഘോഷ
ങ്ങളിൽ ജാതിമതഭേദമെന്യേ
എല്ലാവരും പങ്കെടുക്കുന്നു.
മുസ്ലിങ്ങളുടെ ആദ്യത്തെ
ആരാധനാലയം തെരുവിൽ
മുക്കിലുള്ള ചുനക്കര വടക്ക്
മുസ്ലിം പള്ളിയാണ്. ഈ
ഗ്രാമത്തിലെ പുരാതന
ക്രിസ്ത്യൻ പള്ളി ചുനക്കര
സെന്റ്. ഗ്രിഗോറിയസ്
ഓർത്തഡോക്സ് സുറിയാനി
പള്ളിയാണെന്ന്
കരുതപ്പെടുന്നു. തുടർന്ന്
ചുനക്കര മാർത്തോമാ പള്ളി,
കരിമുളയ്ക്കൽ ഓർത്തഡോക്സ്
പള്ളി തുടങ്ങി നിരവധി
ക്രൈസ്തവ ദേവാല യങ്ങൾ
ഗ്രാമത്തിലുണ്ട്.

## നിലവിലെ ഭരണം

നിലവിൽ 15 വാർഡുകളും 6
കരകളു മാണുള്ളത്.
തെക്കുംമുറി ,വടക്കുംമുറി,
നടുവിലേമുറി,
കിഴക്കുംമുറി,കോമല്ലൂർ,
കരിമുളയ്ക്കൽ എന്നിവയാണ്

ആറുകരകൾ. ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ശാന്താ ഗോപാലകൃഷ്ണനാണ് 2 ബ്ലോക്ക് ഡിവിഷൻ മെമ്പർമാരുണ്ട്. കെ. സഞ്ചു, ലില്ലി, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ പടനിലം വിശ്വൻ ആണ്.

## വിദ്യാഭ്യാസം

സാംസ്കാരിക രംഗത്ത് ഉന്നത നിലവാരം പുലർത്തിയിരുന്ന ഗ്രാമമാണ് ചുനക്കര. ഒരു ജനതയുടെ ചരിത്രത്തിൽ വിദ്യാഭ്യാസത്തിലുള്ള പങ്ക് അനുസരിച്ചാണ് ആ ജനതയുടെ ചരിത്രം സമ്പന്നമാണോ ദരിദ്രമാണോ എന്നു തീരുമാനിക്കുന്നത്.

ഇത്തരത്തിൽ ഓണാട്ടുകരയുടെ ഭാഗമായതിനാൽ ആ പ്രദേശത്തിന്റെ വിദ്യാഭ്യാസ മാർഗ്ഗത്തിലൂടെയാണ് ചുനക്കര പഞ്ചായത്തും സഞ്ചരിച്ചത്. ഈ പഞ്ചായത്തിലെ ആദ്യ വിദ്യാലയം 1897-ൽ സ്ഥാപിതമായ ചുനക്കര ഗവൺമെൻറ് യു.പി. സ്കൂൾ ആണ്.

എം. എം. സ്കൂൾ എന്ന് ആദ്യകാലത്ത് അറിയപ്പെട്ടിരുന്ന ഇവിടെ 1950-ൽ തേഡ് ഫോറം വരെ തുടങ്ങി. പിന്നീട് സ്ഥാപിതമായ ചുനക്കര ഹൈസ്കൂളിന്റെ പേര് ഇന്ന് ഗവ: വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളെന്നാണ് ചുനക്കര കോട്ടമുക്കിൽ നിന്നും ഏകദേശം 500 മീറ്റർ കിഴക്ക് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം പഞ്ചായത്തി ലെ ഏക സർക്കാർ ഹൈസ്കൂളാണ്. ഇപ്പോളിവിടെ വൊക്കേഷനൽ ഹയർ സെക്കൻഡറിയും സ്ഥാപിതമായിട്ടുണ്ട്. പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നിർണായക പങ്കുള്ള ഈ സ്ഥാപനത്തിൽ ഇവിടെയുള്ളവരും മറ്റ് പഞ്ചായത്തുകളിൽ നിന്നും ഉള്ളവരു മായി ആയിരക്കണക്കിന് വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ഇവരിൽ പലരും ചുനക്കരയെ

പ്രബുദ്ധമാക്കുന്നതിൽ
നിർണായക പങ്കുവഹിച്ചിട്ടുണ്ട്.
ഒരു ഹൈസ്കൂൾ
സ്ഥാപിക്കുന്നതിന്
പലപ്രദേശങ്ങളും
പരിഗണിച്ചെങ്കിലും
നിഷ്കർഷിക്കപ്പെട്ട അടിസ്ഥാന
സൗകര്യങ്ങൾ ലഭ്യമല്ലായിരുന്നു.
ഈ അവസരത്തിൽ കിഴക്കും
മുറിയിലെ 106 -ാം എൻ. എസ്.
എസ്. കരയോഗം തങ്ങളുടെ
കൈവശമുണ്ടായിരുന്ന
6 ഏക്കർ ഭൂമിയും കെട്ടിടവും
സ്കൂൾ സ്ഥാപിക്കുന്നതിനായി
വിട്ടുകൊടു ക്കാൻ തയ്യാറായി.
ഇല്ലത്ത് നാരായണൻ
ഉണ്ണിത്താൻ പ്രസിഡന്റായ
ഭരണസമിതിയാണ് ഇതിനു
മുൻകൈയെടുത്തത് തുടർന്ന്
നിയമസഭാംഗമായിരുന്ന
കൊച്ചിക്കൽ ബാലകൃഷ്ണൻ
തമ്പിയുടെ സഹായ ത്തോടെ
സർക്കാരിനെ തീരുമാനം
അറിയിക്കുകയും അങ്ങനെ
ഹൈസ്കൂൾ
ആരംഭിക്കുന്നതിനുള്ള
നടപടികൾ ആരംഭിക്കുകയും
ചെയ്തു. 1950-ൽ സ്കൂളിന്റെ
പ്രവർത്തനമാരംഭിച്ചു.
ഘട്ടം ഘട്ടമായി 3 വർഷംകൊണ്ട്
ഹൈസ്കൂൾ പൂർണനിലയിൽ
പ്രവർത്തനമാരംഭിച്ചു.
ഈ കാലയളവിൽ നാട്ടുകാർ
മുൻകൈയെടുത്ത് മറ്റൊരു
കെട്ടിടം കൂടി പണിതു നൽകി.
സ്കൂളിലെ ആദ്യ ഹെഡ്മാസ്റ്റർ
വെണ്മണി കൃഷ്ണവാര്യർ
സാർ ആയിരുന്നു.
കാലക്രമേണ കുട്ടികളുടെ
എണ്ണം വർദ്ധിച്ചതോടെ
കൂടുതൽ ഡിവിഷനു കളും
അനുവദിച്ചു അതിനനുസരിച്ച്
സൗകര്യങ്ങൾ വർധിപ്പിച്ചു

1958-ൽ അധ്യാപകർക്കായി
ഒരു ക്വാർട്ടേഴ്സ് നിർമ്മിച്ചു
നൽകുക യുണ്ടായി.
അതുപോലെതന്നെ 1975- ൽ
സ്കൂളിന്റെ
രജതജൂബിലിയോടനു
ബന്ധിച്ച് ഒരു തുറന്ന വേദിയും
നിർമ്മിച്ചു. പിന്നീട് 1997-ൽ
എസ്. രാമചന്ദ്രൻപിള്ള എം പി
യുടെ വികസന ഫണ്ടിൽനിന്നും
ചുറ്റുമതിൽ ഉണ്ടാക്കുകയും
ചെയ്തു.
2011-ൽ ആർ രാജേഷ്
എംഎൽഎ യുടെ വികസന
ഫണ്ടിൽനിന്നനുവദിച്ച
പണമുപയോഗിച്ച് സ്കൂൾ ബസ്

വാങ്ങി ഇത് കുട്ടികൾക്ക് ഏറെ അനുഗ്രഹമാണ്.

1955- ൽ ഇവിടെ ബാങ്കിംഗ് അസിസ്റ്റന്റ്സ്, സിവിൽ കൺസ്ട്രക്ഷൻ ആൻഡ് മെയിൻറനൻസ് എന്നീ കോഴ്സുകളോടെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചു 1997- ൽ ഡേറ്റാ എൻട്രി കമ്പ്യൂട്ടർ സയൻസ് കോഴ്സും ആരംഭിച്ചു .

18 അധ്യാപകരും ഒരു അനധ്യാപകനും ഈ വിഭാഗത്തിൽ പ്രവർത്തിച്ചിരുന്നു.

ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ പ്ലസ് ടു എന്നീ മൂന്ന് വിഭാഗങ്ങൾ പ്രവർത്തി ക്കുന്ന അപൂർവവിദ്യാലയങ്ങളി ലൊന്നാണ് ചുനക്കര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ.



# കാത്തിരിപ്പിന് വിരാമം കുറിച്ച്

# സ്കൂൾ പ്രവേശനോത്സവം

ചുനക്കര : കുട്ടികളുടെ നീണ്ട കാത്തിരിപ്പിന് വിരാമം



കുറിച്ച് ചുനക്കര ഗവ: വി. എച്ച്. എസ്.സ്കൂളിൽ പ്രവേശനോത്സവം നടത്തി കലാസാംസ്കാരിക സാഹിത്യ രംഗത്ത് മികവ് പുലർത്തിക്കൊണ്ടുള്ള പ്രവേശനോത്സവം. ചുനക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സുരേഷ് പുലരി ഉദ്ഘാടനം ചെയ്യു വാദ്യമേളങ്ങളുടെ അകമ്പടിയോടെ നവാഗതരെ സ്വാഗതം ചെയ്യു. കുട്ടികളുടെ വിവിധ കലാപരിപാടികൾ കൂട്ടുകാർക്ക് പ്രചോദനം പകരുന്നവ യായിരുന്നു. പി.ടി.എ പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണൻനായർ ഹെഡ്മിസ്ട്രസ് ശ്രീമതി. കെ വിജയകുമാരി എന്നിവർ പ്രസംഗിച്ചു.









# പരിസ്ഥിതി ദിനാചരണം

ജൂൺ 5 പരിസ്ഥിതി ദിനാചരണ ത്തിന്റെ ഭാഗമായി സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. വിജയകുമാരി ടീച്ചർ ഒരു വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം നടത്തി. ബഹുമാനപ്പെട്ട പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സുരേഷ് പുലരി ,പഞ്ചായത്ത് മെമ്പർ, പി.ടി.എ. അംഗങ്ങൾ എന്നിവർ പരിസ്ഥിതി ദിനാചരണ വേളയിൽ മുഖ്യാതിഥികളായി പങ്കെടുത്തു അന്നേദിവസം സ്കൂളിലെ ഓരോ കുട്ടികൾക്കും വൃക്ഷത്തൈകൾ നൽകി. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കുട്ടികൾക്ക് പരിസ്ഥിതി ദിന പോസ്റ്ററുകൾ തയ്യാറാക്കൽ, പരിസ്ഥിതി ദിന ക്വിസ് മത്സരം എന്നിവ നടത്തി പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽ ക്കരണ ക്ലാസ്സുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തി പരിസ്ഥിതി ദിന സന്ദേശ റാലി നടത്തി.

ഈ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കു വാനും അവരെ പ്രകൃതിസ്നേഹികളായി വാർത്തെടുക്കാനും സാധിച്ചു. സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും പ്രകൃതി സൗഹാർദ്ദ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികൾക്ക് സാധിച്ചു ഇതിന് കുട്ടികൾക്ക് വേണ്ട സഹായങ്ങൾ അധ്യാപകരിൽനിന്നും രക്ഷകർത്താക്കളിൽ നിന്നും ലഭിച്ചു പരസ്ഥിതിക്ലബ്ബിന്റെ ആഭിമുഖ്യ ത്തിലാണ് പ്രസ്തുത പരിപാടികൾ സംഘടിപ്പിച്ചത്.







# വായന വാരാഘോഷം നവ്യാനുഭവമായി

**ചുനക്കര:** ജൂൺ 19 വായനാദിനവും വായനവാരാചരണവും വിപുലമായി സ്കൂളിൽ നിർത്തി. വായന ദിനത്തിൽ വായനദിന സന്ദേശം വിദ്യാരംഗം കലാസാഹിത്യവേദി യുപി വിഭാഗം




വിദ്യാർഥിനി അക്ഷര നൽകി പ്രത്യേകയോഗം ഉദ്ഘാടനം ചെയ്തത് എച്ച്.എം ശ്രീമതി കെ. വിജയകുമാരി യായിരുന്നു .

വിവിധങ്ങളായ കലാപരിപാടികൾ, രചനാ മത്സരങ്ങൾ എന്നിവ നടത്തി. വായന വാരാചരണത്തിന് എല്ലാ കുട്ടികൾക്കും ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ നൽകി കുട്ടികളെ ആകർഷിക്കുന്നതിനുള്ള പുസ്തകചർച്ച , കഥ, പത്രവായന, പത്ര രചന തുടങ്ങി വിവിധ പരിപാടികൾ നടത്തി വായനദിന ക്വിസ് വായനക്കുറിപ്പ് മത്സരം ലൈബ്രറി കൗൺസിൽ ആഭിമുഖ്യത്തിലുള്ള ക്വിസ് മത്സരം തുടങ്ങിയവ നടത്തി. വിജയികൾക്ക് വായനദിന സമാപനസമ്മേളനത്തിൽ സമ്മാനങ്ങൾ നൽകി.







# സ്വാതന്ത്ര്യദിനാഘോഷം

ചുനക്കര. ചുനക്കര ഗവ: ഹൈസ്കൂ ളിൽ 2018 ആഗസ്റ്റ് പതിനഞ്ചിന് ഇന്ത്യയുടെ എഴുപത്തിയൊന്നാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു. രാവിലെ സ്കൂൾ ഹെഡ്മിസ്ട്രസ് വിജയകുമാരി



പതാകയുയർത്തി ഉദ്ഘാടനം ചെയ്തു പൂർവവിദ്യാർത്ഥികൾ ഓർമ്മപ്പൂക്കൾ എന്നപേരിൽ നിർമിച്ച സൈക്കിൾ ഷെഡ് ഉദ്ഘാടനവും അന്നേ ദിവസം നടന്നു. ദേശീയ ഗാനാലാപനവും എൻ.സി.സി പരേഡും ചടങ്ങിനെ കൂടുതൽ പ്രൗഢമാക്കിതീർത്തു.

സ്കൂൾ അധ്യാപകർ, വിദ്യാർഥികൾ, വാർഡ് മെമ്പർ ശ്രീ. സുരേഷ് പുലരി സുമാദേവി എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ ആയിരുന്നു പ്രസ്തുത പരിപാടി.









# അധ്യാപകദിനം

## കുട്ടികൾ സ്വയം അധ്യാപകരായി

ചുനക്കര. അധ്യാപക ദിനാഘോഷ ത്തിന്റെ ഭാഗമായി സ്കൂളിൽ പ്രത്യേക അസംബ്ളി രാവിലെ 10 മണിക്ക് നടന്നു സ്കൂൾ എച്ച്. എം ശ്രീമതി. വിജയകുമാരി യുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ അധ്യാപകർക്ക് പൂച്ചെണ്ട് നൽകി ആദരിച്ചു. പ്രസംഗം ,ക്വിസ് മത്സരം, തുടങ്ങിയ പരിപാടികൾ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തി.

ഡോക്ടർ. എസ് രാധാകൃഷ്ണന്റെ സംഭാവനകളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ആയിരുന്നു കുട്ടികൾ പ്രസംഗിച്ചത്. അദ്ധ്യാപക ദിനത്തിന്റെ ഭാഗമായി അന്നേ ദിവസം കുട്ടികൾ ഓരോരുത്തരും ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകരായിമാറി. ഇത് കുട്ടികൾക്ക് ഒരു പുതു അനുഭവമായിരുന്നു.




# ലിറ്റിൽ കൈറ്റ്സ് **LK/2018/36013**

*സാങ്കേതികവിദ്യയിലുള്ള പുതുതലമുറയുടെ ആഭിമുഖ്യം പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ ഹൈടെക് പദ്ധതികളിലൂടെ നമ്മളുടെ സ്കൂളിലും നടപ്പിലാക്കി. പിടിഎ പ്രസിഡണ്ട് ചെയർമാനും എച്ച് എം കൺവീനറും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ജോയിന്റ് കൺവീനറും എസ് ഐ ടി സി സാങ്കേതിക ഉപദേഷ്ടാവും കുട്ടികളുടെ പ്രതിനിധി ലിറ്റിൽ കൈറ്റ്സ് ലീഡറും ആണ്.*

*സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തുന്നതിന് അവസരം നൽകി ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനായി ഗ്രാഫിക്സ് ആൻഡ് അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ്, പൈത്തൺ പ്രോഗ്രാമിംഗ്, മൊബൈൽ ആപ്പ് നിർമാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം കമ്പ്യൂട്ടിങ്, ഡെസ്ക്ടോപ്പ് പബ്ലിഷിംഗും, ഇൻറർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകൾ യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആകെ 7 മെഡ്യൂളുകളിലായി 25 ആഴ്ചകളിലൂടെയാണ് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നത്.*



ലിറ്റിൽ കൈറ്റ്സ് ***LK/2018/36013***



## ലിറ്റിൽ കൈറ്റ്സ് ***LK/2018/36013***



# ഗാന്ധിജയന്തി ആഘോഷം

ചുനക്കര. ഒക്ടോബർ രണ്ടാം തീയതി ഗവൺമെൻറ് വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ ഗാന്ധിജയന്തി ആഘോഷിച്ചു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അസംബ്ലിയും ക്വിസ് മത്സരവും നടത്തി അന്നേദിവസം തന്നെ സ്കൂളിൽ എൻ.സി.സി. കേഡറ്റു കളുടെ പരേഡ് അതോടൊപ്പം ഗാന്ധിപ്രതിമയിൽ പുഷ്പഹാരം അണിയുകയും ചെയ്തു. അധ്യക്ഷനായ ബഹുമാനപ്പെട്ട പി.ടി.എ പ്രസിഡന്റ് ഗോപാലകൃഷ്ണൻ കുട്ടികളെ അഭിമുഖീകരിച്ചു സംസാരിച്ചു ഹൈസ്കൂൾ എച്ച്.എം വിജയകുമാരി, ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ ശ്രീമതി. പൊന്നമ്മ, വി.എച്ച്.എസ്.ഇ പ്രിൻസിപ്പാൾ ശ്രീമതി. അന്നമ്മ ജോർജ്, വാർഡ് മെമ്പർ ശ്രീമതി. സുമാദേവി, ശ്രീ. സുരേഷ് പുലരി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിനുശേഷം മധുരം നുകർന്ന് എല്ലാവരും സന്തോഷത്തോടെ പിരിഞ്ഞു.



# ചലച്ചിത്രപ്രദർശനം

ചുനക്കര. നമ്മുടെ നാടിന്റെ അഭിമാനമായ ചുനക്കര ഗവൺമെൻറ് വി.എച്ച്. എസ്.എസിൽ 25/10/2018 വ്യാഴാഴ്ച 8 മുതൽ 12 വരെയുള്ള കുട്ടികൾക്കായി ചലച്ചിത്ര പ്രദർശനം നടത്തി. റജിപ്രഭാകരിന്റെ പുതു ചിത്രമായ "സുഖമായിരിക്കട്ടെ" എന്ന ചിത്രമാണ് പ്രദർശിപ്പിച്ചത്. ഈ കഥയുടെ മൂല്യബോധം ഇപ്പോഴത്തെ തലമുറയും വരും തലമുറയും അറിഞ്ഞിരിക്കേണ്ട ഒരു ഘടകമാണ്. വർണ്ണവിവേചനങ്ങളുടെയും ജാതിവിവേചനങ്ങളുടെയും പേരിൽ അകലം പാലിക്കുന്ന മനുഷ്യരുടെ സ്വാർത്ഥതയെ ഈ ചലച്ചിത്രം ചൂണ്ടിക്കാണിക്കുന്നു. പുതിയ വിവര വിനിമയ സാങ്കേതികവിദ്യയുടെ അതിപ്രസരം മൂലം കുട്ടികൾ വഴിതെറ്റി പോകുന്നതിന്റെയും ആധുനിക കാലത്ത് യുവതലമുറ തള്ളിനീക്കുന്ന യാന്ത്രിക ജീവിതവും സ്നേഹ ബന്ധങ്ങൾ ക്കിടയിൽ ഇപ്പോൾ കാണുന്ന ഇഴയടുപ്പം ഇല്ലായ്മയും ഈ ചലച്ചിത്രം ചൂണ്ടിക്കാണിക്കുന്നു. ജനപ്രിയ നടനായ ശ്രീ. സിദ്ദിഖ് ആണ് ഇതിലെ മുഖ്യ നായകൻ. ബഹുമാനപ്പെട്ട ശ്രീമതി. വിജയകുമാരി നന്ദി പ്രകാശിപ്പിച്ചു 12 -ാം തരം കുട്ടികൾക്കായി പ്രത്യേകപ്രദർശനം ഉണ്ടായിരുന്നു.



# മലയാള ദിനാഘോഷം

ചുനക്കര. ഐക്യകേരളദിനവും ശ്രേഷ്ഠഭാഷാ മലയാളദിനവുമായ നവംബർ 1 ന് അതിവിപുലമായ പരിപാടികൾ സ്കൂളിൽ നടത്തി. സ്കൂളിലെ എല്ലാ വിദ്യാർഥികളും അധ്യാപകരും പങ്കെടുത്ത പ്രത്യേക യോഗം സ്കൂൾ അങ്കണത്തിൽ കൂടുകയുണ്ടായി. മലയാള ദിന സന്ദേശം സ്കൂൾ ഹെഡ്മിസ്ട്രസ്. ശ്രീമതി. വിജയകുമാരി നൽകി. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ നടത്തി. തുടർന്ന് കവിതാരചന, കഥാരചന, കാർട്ടൂൺ തുടങ്ങിയ രചനാ മത്സരങ്ങൾ, പ്രളയാനന്തര കേരളം - നവനിർമ്മിതിയെ ആസ്പദമാക്കി നടത്തി. സമാപനസമ്മേളനത്തിൽ കലോത്സവത്തിലും കായിക മത്സരത്തിലും വിജയികളായവരെ അനുമോദിക്കുകയും അവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.



# പൊന്നു നേടിയ പൊന്നോമനയ്ക്ക് നാടിന്റെ അനുമോദനം

ചുനക്കര. സംസ്ഥാന സ്കൂൾ കായികമേളയിൽ ഷോട്ട്പുട്ട് ജൂനിയർ വിഭാഗം സ്വർണമെഡൽ നേടിയ ശ്രീശാന്തിന് ചുനക്കരയുടെ ഗംഭീര സ്വീകരണം. ഒക്ടോബർ 29 ന് ചുനക്കര കോട്ടമുക്കിൽ നിന്നും സ്കൂൾ വരെ പി.ടി.എ അംഗങ്ങളും, വിദ്യാർഥികളും ,അധ്യാപകരും, ജന പ്രതിനിധികളും ചേർന്ന് വാദ്യമേളങ്ങളുടെ അകമ്പടിയോടെ സ്വീകരിച്ചു കോട്ടമുക്കിൽ വച്ച് ശ്രീശാന്തിനെ ഓട്ടോറിക്ഷ തൊഴിലാളികൾ നോട്ടുമാല അണിയിച്ചു വരവേറ്റു. സംസ്ഥാന മേളയിൽ 13.19 മീറ്റർ ദൂരം എറിഞ്ഞാണ് ഷോട്ട്പുട്ടിൽ ഈ പത്താം ക്ലാസ് വിദ്യാർത്ഥി ഒന്നാമതെത്തിയത് ചുനക്കര സ്കൂളിലെ കായികാധ്യാപിക ശ്രീമതി. രേഖകുമാരിയാണ് ശ്രീശാന്തിന്റെ അമ്മ .പഞ്ചായത്ത് മെമ്പറായ സവിത സുധി ശ്രീശാന്തിന് പൂമാലയണിയിച്ചു സ്വീകരിച്ചു. അനുമോദന ചടങ്ങ് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ശാന്ത ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യു പി.ടി.എ. പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണൻ അധ്യക്ഷനായ ചടങ്ങിൽ പ്രിൻസിപ്പൽ ശ്രീമതി. പൊന്നമ്മ, ഹെഡ്മിസ്ട്രസ് ശ്രീമതി. വിജയകുമാരി, വാർഡ് മെമ്പർ സവിത സുധി എന്നിവർ സംസാരിച്ചു അധ്യാപകർ ശ്രീശാന്തിന് ക്യാഷ് അവാർഡ് നൽകുകയും പൊന്നാട അണിയിക്കുകയും ചെയ്യു.








# സ്നേഹ സാന്ദ്രമായി വയോജനദിനം

ചുനക്കര. ഒക്ടോബർ ഒന്നിന് ചുനക്കര ഗവൺമെൻറ് വി. എച്ച്. എസ്. എസിൽ വയോജന ദിനം സമുചിതമായി ആഘോഷിച്ചു. സ്കൂൾ അങ്കണത്തി ലാണ് ചടങ്ങ് നടന്നത്. പ്രധാനാധ്യാപികയുടെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ അതിഥിയായി എത്തിയ "പൊന്നമ്മ" മുത്തശ്ശിയെ ആദരിച്ചു. കൊച്ചുമക്കൾക്കും അവരുടെ മക്കൾക്കും ഒപ്പമെത്തിയ മുത്തശ്ശി ചടങ്ങിനെ സ്നേഹ സാന്ദ്രമാക്കി. മാതാപിതാക്കളെ സ്നേഹത്തോടെ സംരക്ഷിക്കണമെന്നും വാർദ്ധക്യത്തിൽ എത്തുമ്പോൾ ഉപേക്ഷിക്കരുതെന്നും മുത്തശ്ശി കുട്ടികളോട് വാത്സല്യം തുളുമ്പുന്ന ഭാഷയിൽ പറഞ്ഞു. അങ്ങനെ വയോജന ദിനം കുട്ടികൾക്ക് വേറിട്ടൊരനുഭവമായി.







# സ്കൂളിലെ രജതജൂബിലി സ്മാരകം പുനർനിർമിച്ച് "എല്ലില്ലാകൂട്ടം"

പൊതുവിദ്യാഭ്യാസത്തിന്റെ പാതയിൽ കുതിച്ചുയരാൻ ഗവൺമെൻറ് വി.എച്ച്.എസ്.എസിൽ രജതജൂബിലി സ്മാരകമന്ദിരം പുനർനിർമ്മിച്ച് സഹപാഠി കൂട്ടം.42 വർഷം മുമ്പ് നിർമിച്ച സ്റ്റേജ് ആണ് ആകർഷകമായി പുനർനിർമ്മിച്ചത്. രണ്ടുലക്ഷം രൂപ മുടക്കിയാണ് സഹപാഠി കൂട്ടം പ്രവർത്തനത്തിൽ പങ്കാളിയായത്

അനിൽകുമാർ നിർമ്മിച്ച ശകുന്തള യുടെ ശിൽപവും ഇതിലുണ്ട് .1987-ലെ എസ്. എസ്. സി.വിദ്യാർഥി കളുടേതാണ് സഹപാഠി കൂട്ടം. അന്നത്തെ സർട്ടിഫിക്കറ്റ് SSC ആയതിനാലാണ് എല്ലില്ലാക്കൂട്ട മെന്ന് സഹപാഠി കൂട്ടത്തിന് പേരിട്ടത്.

68 പുരുഷന്മാരും 32 സ്ത്രീകളുമാണ് ഈ കൂട്ടായ്മയിലുള്ളത് പ്രളയകാലത്ത് ദുരിതം അനുഭവിച്ചവർക്ക് സഹായം എത്തിക്കുന്നതിനും (കൺവീനർ) ബിജു തോമസ് (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

പൂർവ്വവിദ്യാർത്ഥിയും ഗാനരചയിതാ വുമായ ചുനക്കര രാമൻകുട്ടിയാണ് സ്റ്റേജിന്റ് സമർപ്പണം നടത്തിയത് തദവസരത്തിൽ ചുനക്കര രാമൻകുട്ടി, കായികമേളയിൽ സ്വർണം നേടിയ ശ്രീശാന്ത്, സ്മാരക മന്ദിര ശില്പി അനിൽകുമാർ ചാരുംമൂട് എന്നിവരെ ആദരിക്കുകയും സഹപാഠി കൂട്ടം സ്കൂൾ കോറസ് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.



# ഓർമ്മച്ചെപ്പ്

*1999- 2004 ബാച്ച് പൂർവവിദ്യാർത്ഥികൾ 20-05-2018 ഒരു കൂട്ടായ്മ ഒരുക്കുകയും സ്കൂളിനുവേണ്ടി "Automatic voice bell school timer " സ്പോൺസർ ചെയ്തു . ഈ കൂട്ടായ്മയിൽ പങ്കെടുത്ത എല്ലാ വിദ്യാർഥികൾക്കും അഭിനന്ദങ്ങൾ.*

## ഓർമ്മപൂക്കൾ

*2000-2002 ബാച്ച് പൂർവ്വവിദ്യാർത്ഥികളുടെ സംഗമം 2018 ആഗസ്റ്റ് 15 ന് രാവിലെ 10.30 ന് സ്കൂളിൽ നടന്നു. ഈ കൂട്ടായ്മ സ്കൂളിലെ വിദ്യാർഥികൾക്ക് വേണ്ടി ഒരു സൈക്കിൾ ഷെഡ് സ്കൂളിന് സമർപ്പിച്ചു. വിദ്യാലയത്തിനോടുള്ള പൂർവവിദ്യാർഥികളുടെ പ്രശംസനീയ പ്രവർത്തനങ്ങൾ മാതൃകയാകട്ടെ...*









# ഹൈടെക് സ്കൂൾ പ്രഖ്യാപനം

ചുനക്കര. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഹൈടെക് ക്ലാസ് മുറികളുടെ ഉദ്ഘാടനം നവീകരിച്ച ലൈബ്രറി പ്രവേശനകവാടം എന്നിവയുടെ സമർപ്പണവും ഒക്ടോബർ 24 ബുധനാഴ്ച ഉച്ചയ്ക്ക് 2.30 ന് സ്കൂളിൽ നടന്നു.

പിടിഎ പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ സുരേഷ് പുലരി സ്വാഗതം പറഞ്ഞു.

എം.എൽ.എ ശ്രീ. ആർ. രാജേഷ് ആയിരുന്നു ഹൈടെക് സ്കൂളിന്റെ പ്രഖ്യാപനം നടത്തിയത് ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വിഎച്ച്എസ്ഇ വിഭാഗങ്ങളിലായി ഇരുപത്തിയഞ്ചോളം ക്ലാസ് മുറികളാണ് ഹൈടെക് ആക്കിയത്

എസ്. ഐ. ഇ. ടി. ഡയറക്ടർ ശ്രീ അബുരാജാണ് ലൈബ്രറി സമർപ്പണം നിർവഹിച്ചത്. ജില്ലാപഞ്ചായത്ത് അംഗമായ ശ്രീ. വിശ്വൻ പടനിലമാണ് പ്രവേശനകവാടത്തിന്റെ സമർപ്പണം നിർവഹിച്ചത്.

ചടങ്ങിൽ ശ്രീ. ഡാനിയേൽ, ശ്രീമതി. ഗീതാദേവി, ശ്രീമതി. ഗംഗാ കെ ജി തുടങ്ങിയവർക്ക് പ്രത്യേക ആദരവ് നൽകി ജില്ലാ കോർഡിനേറ്റർ ശ്രീ. രാജേഷ് കെ. ഒ, പ്രിൻസിപ്പൽ ശ്രീമതി. പൊന്നമ്മ എച്ച്. എം. ശ്രീമതി. വിജയകുമാരി ,വി.എച്ച്.എസ്.ഇ പ്രിൻസിപ്പൽ ശ്രീമതി.അന്നമ്മ ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു.



# പ്രളയാനന്തര നവ നിർമ്മാണ കേരളം കുട്ടികളുടെ ഭാവനയിൽ

ചുനക്കര. ഐക്യകേരളപ്പിറവി ആഘോഷങ്ങളോടനുബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ. രവീന്ദ്രനാഥിന്റെ ആഹ്വാനപ്രകാരം സ്കൂളിൽ നടത്തപ്പെട്ട "നവകേരള നിർമിതിയിൽ കുട്ടികളുടെ പങ്ക്" എന്ന വിഷയം ഉൾക്കൊണ്ടുകൊണ്ട് വിവിധ രചനാമത്സരങ്ങൾ നടത്തുകയുണ്ടായി ഓരോക്ലാസ് തലത്തിലും വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനം നടന്നു. മികച്ച സൃഷ്ടികൾ വാർത്ത ബോർഡിൽ പ്രദർശിപ്പിച്ചു.



# ജംഗ് ഫുഡ്

ഈ അധ്യയനവർഷം നടന്ന ബോധവൽക്കരണ ക്ലാസുകളിൽ വച്ച് കുട്ടികളെ ഏറെ സ്വാധീനിച്ച ഒന്നാണ് "ജങ്ക് ഫുഡ്" എന്ന വിഷയത്തിൽ നടത്തിയ ക്ലാസ്. സാമൂഹികആരോഗ്യകേന്ദ്രത്തിലെ ഡോക്ടർ അഞ്ജന കൗമാരക്കാരായ കുട്ടികളുടെ സുരക്ഷിതമായ ആരോഗ്യം ലക്ഷ്യമിട്ട് നടത്തിയ ബോധവൽക്കരണ ക്ലാസും സെമിനാറും കുട്ടികളിലെ അവബോധം വളർത്തി. ഫാസ്റ്റ്ഫുഡിന്റെ കടന്നുവരവ് ഇന്നത്തെ കുട്ടികളിൽ വരുത്തുന്ന മാറ്റങ്ങളും ആരോഗ്യ പ്രശ്നങ്ങളും വിശദമായി ബോധ്യപ്പെടുത്തി. സെമിനാറിനുമുമ്പും ശേഷവുമായി കുട്ടികളിൽ നടത്തിയ ചോദ്യാവലിയിൽ പ്രകടമായ വ്യത്യാസം ഉണ്ടായി.കുട്ടികളിൽ ശരിയായ ആഹാരത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് ശേഷം കുട്ടികൾ ജങ്ക് ഫുഡിനോട് ഏറെ വിയോജിപ്പ് പ്രകടിപ്പിച്ചു.

ഈ പരിപാടിയിലൂടെ നല്ലൊരു ശതമാനം കുട്ടികളും ജങ്ക് ഫുഡ് ഉപേക്ഷിക്കാനുള്ള തീരുമാനം എടുത്തു. സ്കൂൾ ഹെഡ്മിസ്ട്രസും അധ്യാപകരും ചേർന്ന് ക്ലാസ് നടത്തിയ ഡോക്ടർ മാർക്ക് ആദരവ് പ്രകടിപ്പിക്കുകയും പരിപാടി ഏറെ വിജയകരമായി അവസാനിക്കുകയും ചെയ്തു.



# സുരീലി ഹിന്ദി

കേരളത്തിലെ പൊതുവിദ്യാഭ്യാസവകുപ്പ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ കുട്ടികൾ ഹിന്ദി അനായാസം കൈകാര്യം ചെയ്യുന്നതിന് ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കിയ പദ്ധതിയാണ് സുരീലി ഹിന്ദി.

വിദ്യാർത്ഥികളെ ഹിന്ദിയിലേക്ക് ആകർഷിക്കാനും പൂർവാർജിത അനുഭവങ്ങളെ വായനകളിലൂടെയും ലേഖനങ്ങളിലൂടെയും പ്രകടിപ്പിക്കാൻ പ്രാപ്തിയുള്ളവരാക്കിയെടുക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുട്ടികളെ പാഠഭാഗവുമായി കൂടുതൽ അടുപ്പിക്കാനും ഈ പദ്ധതി സഹായകമാകുന്നു. ആറാം ക്ലാസ്സിലെ കുട്ടികൾക്കു വേണ്ടിയുള്ള പരിശീലന പരിപാടിയാണിത്.

ചുനക്കര ഗവ: വി.എച്ച്.എസ്. എസ്സിൽ 10-01- 2019, 11 -1 -2019 എന്നീ തീയതികളിൽ നടന്ന സുരീലി ഹിന്ദി പരിശീലന പരിപാടിയുടെ ഉദ്ഘാടനം സ്കൂളിലെ പ്രധാന അധ്യാപിക ശ്രീമതി. വിജയകുമാരി ടീച്ചർ നിർവഹിച്ചു.

കുട്ടികളെ അക്ഷരങ്ങളും ചിഹ്നങ്ങളും മനസ്സിലാക്കുന്നതിനു വേണ്ടിയുള്ള അക്ഷര കളിയും മുഖംമൂടികളുടെ സഹായത്താൽ കുട്ടിക്കവിതകൾ ഈണത്തിൽ പാടിയുള്ള അഭിനയം, ചിത്രങ്ങളുടെ സഹായത്താൽ കഥ, കവിത നിർമ്മിക്കൽ മൃഗങ്ങളുടെ മുഖംമൂടി വച്ചുള്ള ചിത്രകഥയുടെ അവതരണം,പസിൽ നിർമ്മാണം ഇവയെല്ലാം ഫലപ്രദമായ പ്രവർത്തനങ്ങളായിരുന്നു.

കുട്ടികളെ ഹിന്ദി ഭാഷയിലേക്ക് ആകർഷിക്കുന്നതിന് വേണ്ടിയുള്ള സരളവും രസകരവുമായ ഈ പദ്ധതി അധ്യാപകരുടെയും കുട്ടികളുടെയും സഹകരണം കൊണ്ട് നല്ല രീതിയിൽ നടത്താൻ കഴിഞ്ഞു. ഈ പരിശീലനത്തിലൂടെ കുട്ടികൾക്ക് ഹിന്ദി പഠിക്കാനുള്ള താൽപര്യം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.

# പ്രകൃതി

രാവിന്റെ കണ്ണായ നിലാവിൽ
കുളിച്ചവൾ താരകത്തെ ഉറ്റുനോക്കി

പുഴകളേം പൂക്കളേം തഴുകിയെത്തിയ
മന്ദമാരുതൻ മെല്ലെത്തഴുകി

രാവിനെ യാത്രയയച്ചെത്തിയ സൂര്യൻ
പ്രകാശം പരത്താൻ തുടങ്ങി

പുഴകളും തോടും ആറും
മെല്ലെയാ പക്ഷിയെ നോക്കിച്ചിരിക്കെ

തണലും ഫലവും തരുന്നൊരാ-
മരത്തിന്റെ ചില്ലയിലുരുന്നാ പക്ഷി പാടി

അമ്മയ്ക്കുമീതെയാമമ്മയാം ഭൂമി
മാതാവിനെ വന്ദിച്ചുകൊണ്ട്

കീർത്തന ജെ
**STD:IX D**

# മഞ്ഞുതുള്ളി

ആരാലും നോക്കീടാതെ നിൽക്കും ചെടികൾ
ഇന്നിതാ സ്വയം പ്രഭ ചൊരിയുന്നു
അല്പം കഴിഞ്ഞു നാം ഒന്നൂടെ നോക്കിയാൽ
ചെടികൾ തൻ പ്രഭയിതാ കാറ്റിൽ പറന്നുപോയ്

പുൽനാമ്പിനെ പോലും രാജ്ഞിയായി മാറ്റുന്ന
മഞ്ഞുതുള്ളിയെ ഞാൻ കണ്ടപ്പോൾ വൈകിപ്പോയ്
അതിരാവിലെ സൂര്യരശ്മികൾ ഏറ്റവ
ഏഴുനിറമുള്ള മഴവില്ലായ് മാറുന്നു

സൂര്യ കിരണത്തിൻ താപം ഏറുമ്പോൾ
മഴവില്ല് താനെ എങ്ങോ മറഞ്ഞു പോയ്
കണ്ണിനു കുളിർമയാം മഴവില്ലു കണ്ടയെൻ
കണ്ണുകൾ ആനന്ദത്തിൽ നീരാടി

ആർദ്ര സതീഷ്
സ്റ്റാൻഡേർഡ് 9 ഡി

# മഴവില്ല്

മേഘങ്ങളുടെ തേങ്ങലിനു ശേഷം
ആകാശം സന്തോഷവതിയായി

സപ്ത വർണ്ണത്തിലെ പൂക്കൾ ചൂടിയ
ആകാശം സുന്ദരിയായി മാറി

അതുകണ്ട്കോകില ജാലങ്ങൾ ത-
ന്നുടെ മധുരമാം ഗാനം ചൊരിഞ്ഞു

ഏഴു നിറത്തിലെ മഴവില്ലേ നീ
പിരിയാത്ത ബന്ധത്തിൻ അടയാളം

ഒരിക്കലും പിരിയാത്ത സൗഹൃദത്തിന്റെയും
സ്നേഹത്തിന്റെയും അടയാളം

കീർത്തന ജെ
**STD:IX D**

# ഓർമ്മച്ചെപ്പ്

ഇന്നലകളിൽ കണ്ടു മറന്ന നിൻ പൂമുഖം
ഇന്നു ഞാൻ അറിയാതെയെൻ മനസിൽ കുടിയിരിക്കുന്നു

ആരുനീ എന്നറിയാൻ ഞാൻ ശ്രമിക്കുമ്പോൾ
നീ എന്തിനിങ്ങനെ ഓടിയൊളിക്കുന്നു

എവിടെയാ നിന്നെ ഞാൻ ആദ്യമായി കണ്ടത്
എന്തിനായാണു നീ എൻ മനസ്സിൽ വിരിഞ്ഞത്

ദുഃഖക്കടലിൽ പിടയുന്ന എന്നെ
രക്ഷിക്കാനെത്തിയ ദൈവത്തെ പോലെ

തകരുമ്പോൾ സാന്ത്വനിപ്പിക്കുന്ന വാക്കുകളോതി
എന്നും നീ എന്നോട് കൂടെ വേണം

എന്നെ തനിച്ചാക്കി പോകരുതേ എൻ പ്രിയ തോഴി
എന്നെ തനിച്ചാക്കി പോകരുതേ എൻ കളിത്തോഴി

ആർദ്ര സതീഷ്
**S T D IX D**

# സായാഹ്ന സന്ധ്യ

സായാഹ്ന സന്ധ്യയിൽ ഞാൻ കണ്ട ആകാശം
അഗ്നി വർണ്ണത്തിൽ ഉള്ളതായിരുന്നു

മുറ്റത്തെ പാരിജാതത്തിന്റെ ചില്ലയിലി-
രുന്നു കൊണ്ട് ആ പക്ഷി പാടി മെല്ലെ

പുൽകളും പൂക്കളും പുഴകളും അരുവിയും
സൂര്യനു വിടചൊല്ലി വിതുമ്പി മെല്ലെ

ആകാശം ദുഃഖത്തിൽ ആണ്ടുപോയ് ഭൂമിയോ
കണ്ണീരിലേക്ക് വഴുതി വീണു

മാടിവിളിച്ചു മലനിരകൾ സമയമായ്
വിഷമിക്കാതെ വരൂ......

ഏവരെയും ദുഃഖത്തിലാഴ്ത്തി ഇതാ അരുണൻ
മലനിരകൾക്കിടയിൽ അസ്തമിച്ചു

കീർത്തന ജെ
**STD:IX D**

# ചെറായി ബീച്ച് സൗന്ദര്യം

# ചെറുതല്ല

എന്റെ സ്കൂൾ അവധി സമയത്ത് ഇടതൂർന്ന മരങ്ങൾക്കിടയിലൂടെ ദീർഘദൂരം സഞ്ചരിച്ചതിനു ശേഷം ഞങ്ങൾ ഒരു ബീച്ചിൽ എത്തിയിരിക്കുന്നു. തെളിഞ്ഞആ സായാഹ്നസമയത്ത് റോഡിലേക്ക് ചാഞ്ഞു നിൽക്കുന്ന മരങ്ങൾക്കിടയിലൂടെ അങ്ങകലെ ആകാശത്ത് ഒരു കുഞ്ഞു സിന്ദൂരപ്പൊട്ടു കാണാമായിരുന്നു. എന്നാൽ കടൽത്തീരത്ത് എത്തിയപ്പോൾ അതാ ആ സിന്ദൂരപ്പൊട്ട് കണ്ണിനെ വിസ്മയിപ്പിക്കുന്ന തരത്തിൽ കടലിലേക്ക് താഴുന്നു. ചുവന്ന ചായം കലർന്ന നീലക്കടൽ ഞങ്ങളെ കൂടുതൽ ആകർഷിച്ചു . ഒട്ടകത്തിന്റെ കരച്ചിലും ഐസ്ക്രീം വണ്ടിക്കാരന്റെ ബെല്ലടിയും എല്ലാംകൊണ്ടും ശബ്ദ പൂരിതമായിരുന്നു ചുറ്റുപാട്.

ചെറായി ബീച്ച്സൗന്ദര്യത്തിൽ ത്രസിച്ചിരുന്നതിനാൽ സമയം പോയതറിഞ്ഞില്ല. താഴ്ന്നുകൊണ്ടിരിക്കുന്ന സൂര്യനും ആകാശത്തൂടെ പാറിനടക്കുന്ന കാക്കകളും കടലിന്റെ ഭംഗിയുടെ മാറ്റുകൂട്ടി. ഒരു കുട്ടി തിരകൾ വന്നു പോകുമ്പോഴത്തെ കക്കകൾ പെറുക്കി ശേഖരിക്കുന്നു. കുറച്ച് സമയത്തിന് ശേഷം മറ്റൊരു കുട്ടിയും അവളുടെ കൂടെ ചേർന്നു. തികച്ചും ശാന്തമായ കടൽ, " കടലമ്മ കള്ളി "എന്നെഴുതി കടലിനെ ചൊടിപ്പിക്കാൻ നോക്കുന്ന ചില വികൃതി പിള്ളേരെ ഒരു ഭാഗത്ത് കാണാം ഞാനും അവരെ പിന്തുടർന്നു. തണുത്ത കടൽ വെള്ളം കാലിലെ തഴുകി കടന്നുപോയി അതിന്റെ ഓരോ വരവും പുതിയൊരു അനുഭവമായി മാറി. സൂര്യനസ്തമിച്ച് ഇരുട്ടുകയറി തുടങ്ങിയിരിക്കുന്നു. കറുത്ത വസ്ത്രമണിഞ്ഞ പ്രകൃതിയും കടലും അതിന്റെ ശോഭയോടെ ഒഴുകിക്കൊണ്ടിരിക്കുന്നു.........

**ആർദ്ര ആർ നാഥ്**

**STD. X D**

# സുൽത്താൻ നഗരിയിലേക്ക് ഒരു യാത്ര

ജീവിതത്തിലൊരിക്കലെങ്കിലും കണ്ടിരിക്കേണ്ട ഒരു ഇന്ത്യൻ നഗരം. സുൽത്താനേറ്റ് രാജകുടുംബ വംശജനായ ടിപ്പുസുൽത്താന്റെ രാജധാനിയായ മൈസൂർ. ഇക്കൊല്ലത്തെ സ്കൂൾ വിനോദയാത്ര ആ നഗരിയിലേക്ക് ആയിരുന്നു ഒരുപാട് കൂട്ടുകാരുടെ അഭാവം നേരിട്ടുവെങ്കിലും ആ മഹാ നഗരി മനസ്സിലെ ക്ഷണനേരംകൊണ്ട് മാറ്റുകയായിരുന്നു.

ഇന്ത്യയിലങ്ങോളമിങ്ങോളം ഉള്ള സംസ്കാരങ്ങളുടെ കൂടിച്ചേരലും കൂടിയാണ് ആ സുൽത്താൻ നഗരി. വിദേശികളുടെ കടന്നുകയറ്റം കൊണ്ട് ഇന്നേവരെ ഒരു കോട്ടവും തട്ടാതെ ആ നഗരം നിൽക്കുന്നതു കാണുമ്പോൾ അത്ഭുതം തോന്നുന്നു.

മൈസൂർ എന്നുപറയുമ്പോൾ ആദ്യം മനസ്സിലേക്കോടി വരുന്നത് ആ നഗരത്തിന് പ്രൗഢിയും ഐശ്വര്യവും ഉയർത്തിക്കാണിക്കുന്ന ഒന്നാണ് ടിപ്പുവിന്റെ കോട്ടരം. ശില്പഭംഗി കൊണ്ടും വർണ്ണ വിസ്മയം കൊണ്ടും പണിത ആ കോട്ടാരം കണ്ണിനു കുളിർമയേകുന്ന ഒരു കാഴ്ചയാണ്. ബ്രിട്ടീഷ് മേൽക്കോയ്മയുടെ ഒരടയാളവും കൂടിയായിരുന്നു അത് , ഇന്ന് ഒട്ടും ശോഭ മായാത്ത ഒരു സിംഹാസനം കണ്ടപ്പോൾ എനിക്ക് മനസിലായി ആ സിംഹാസനത്തിൽ ഇരുന്നു രാജ്യം ഭരിച്ച ആ മഹാരാജാവിന്റെ കഴിവ്.

മൈസൂർ നഗരിയിലെ ടിപ്പുവിന്റെ കോട്ടാരം കഴിഞ്ഞു ഞങ്ങൾ പോയത് മലമുകളിൽ സ്ഥിതി ചെയ്ത് നഗരത്തിന് എല്ലാഐശ്വര്യങ്ങളും പ്രധാനം ചെയ്യുന്ന ശ്രീ. ചാമുണ്ഡേശ്വരി ക്ഷേത്ര സന്നിധിയിലേക്കാണ് ടിപ്പുവിന്റെ പ്രൗഢിയും ദേവിയുടെ ചൈതന്യവും ആ മഹാ നഗരത്തെ വർണാഭമാക്കി.

അഞ്ജന. എസ്

**STD. X D**

# പ്രഭാതം

ഉണരുന്നു നാം പുലർ ദീപ്തിയുമായി
നല്ലൊരു കാലത്തെ വരവേൽക്കാനായി
മനസ്സുതുറന്ന് നാം അനുഭവിക്കുന്നു
പുലർ ദീപ്തി തൊട്ട് ആ സൗന്ദര്യത്തെ

മനസിൽ നിന്നുയരുന്ന തെറ്റിന്
തൂത്തു മാറ്റുന്നു പുലർ പ്രഭാതം
ഓരോ വളവിലും പൂക്കുന്ന പൂക്കൾ
സൗന്ദര്യം കണ്ട് ലഭിച്ചിരുന്നു

കാണുന്നു കാണുന്നു കാണാത്ത സൗന്ദര്യം
അറിയുന്നു അറിയുന്നു അറിയാത്ത അനുഭവം
അകലുന്ന അകലെനിന്നു സൗന്ദര്യത്തിൽ ശോഭ
നമ്മെ വിട്ടെങ്ങോ പോയ് മറഞ്ഞിടുന്നു

പിരിയുന്ന ആ സൂര്യ നാളവും പിന്നെ
കുങ്കുമം നീളെ പടരുന്നു ഭൂമിയിൽ
പതുക്കെ പതുക്കെ ഇരുട്ടി തുടങ്ങുന്നു
കാത്തിരിക്കുന്നു നാളെയീ രാവിനായ്

ആദിത്യ .ജെ
**STD IX D**

# കണ്ണുനീർത്തുള്ളി

ഞാൻ ജനിച്ചതെനി ക്കോർമയില്ല
പക്ഷേ ഒന്നറിയാം ഞാൻ

വെറുമൊരു കണ്ണുനീർത്തുള്ളി മാത്രമാണ്
ഓർമ്മ വച്ചപ്പോൾ ആരുടെയോ

മിഴി കോണിലാണ് എന്റെ ജനനം
പെയ്യാൻ തയ്യാറായ മഴത്തുള്ളി പോലെ

ഇറ്റുവാൻ തയ്യാറായ മഞ്ഞുതുള്ളി പോലെ
ദുഃഖങ്ങളിലും സന്തോഷങ്ങളിലും

നനഞ്ഞ കൺ പോളകൾക്കിടയിൽ
കിടന്നു പിടയുന്ന വെറുമൊരു

കണ്ണുനീർത്തുള്ളി ഞാൻ
പാവങ്ങളുടെ കൺപീലികളിലും

ദുഃഖിതരുടെ കൺതടങ്ങളിലും
വിശക്കുന്നവരുടെ നയന പാളികളിലും ഞാനുണ്ട്

നിർമ്മലമായ പളുങ്കുമണി പോലൊരു
പാവം കണ്ണുനീർത്തുള്ളി ഞാൻ

ജെറിൻ

# അണഞ്ഞുപോയ മാർഗദീപം

സ്നേഹത്തിന്റെ നിറകുടം , കുട്ടികൾക്ക് ഉത്തമ അധ്യാപിക , സഹപ്രവർത്തകർക്ക് സ്നേഹസാന്ത്വനം. അങ്ങനെ നമ്മുടെ സ്കൂളിന്റെ എല്ലാമെല്ലാമായിരുന്ന ആകർമ ദീപത്തിന്റെ സ്നേഹസ്മരണക്കുമുമ്പിൽ ഒരായിരം അശ്രുപുഷ്പങ്ങൾ.........














VIII-B



















2 | 2018 ഒക്ടോബർ 9 ചൊവ്വ | KTM-MA ജന്മഭൂമി

# ചുനക്കര ഗവ. വിഎച്ച്എസ്ഇക്ക് പുരസ്കാരം










































The Earth Is For All
Let Us Live Together












Govt V HSS 2017-18 SSLC Full A+
വിജയികൾക്ക് അഭിനന്ദനങ്ങൾ
















ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
ഗവ. ഹയർ സെക്കന്ററി സ്കൂൾ
ബഹുസ്വ
സമൂ


















ഗവ.VHSSചുനക്കര
സംസ്ഥാനകായികമേളയിലെ സ്വർണ്ണമെഡൽ ജേതാവ്
ശ്രീശാന്തിന് അഭിനന്ദനങ്ങൾ



## SPORTS 2019



## SPORTS 2019



# SPORTS 2019



# ഭൂമിക്ക് വേണം പ്ലാസ്റ്റിക് സർജറി

മനുഷ്യർക്ക് ശുദ്ധമായ ആഹാരം, വെള്ളം, വായു എന്നിവ അത്യന്താപേക്ഷിതമാണ്.വമ്പിച്ച പരിസ്ഥിതി വിഷയങ്ങൾ ലക്ഷ്യം വെക്കുന്ന പ്രവർത്തനങ്ങൾക്കായാണ് പരിസ്ഥിതി ദിനാചരണം തുടങ്ങിയത്. ഭക്ഷ്യമലിനീകരണവും നശിപ്പിക്കലും, വനനശീകരണം, ആഗോളതാപനം തുടങ്ങിയവയാണ് പൊതു വിഷയങ്ങൾ. പൊതുവിഷയങ്ങൾ പ്രകൃതിസംരക്ഷണവും സമ്പുഷ്ടീകരണവും ഓർമ്മിപ്പിച്ചുകൊണ്ട് മുഴുവൻ സസ്യങ്ങളും ജന്തുക്കളും പ്രകൃതിയിലെ സന്തുലിതാവസ്ഥ നിലനിർത്താനുള്ള സമ്പൂർണ ശ്രമം നടത്താൻ ശ്രമിക്കുക.

ഈ സന്തുലിതാവസ്ഥ നിലനിൽക്കുന്നതിൽ സസ്യങ്ങളുടെയും ജന്തുജാലങ്ങളുടെയും നിലനിൽപ്പ് ഒരേ പോലെ പ്രധാനമാണ്. ജന്തുക്കൾക്ക് ഭക്ഷണം നൽകി സസ്യങ്ങളും സസ്യങ്ങളെ പരാഗണത്തിനും വിത്തു വിതരണത്തിനും സഹായിച്ച് ജന്തുക്കളും പരസ്പരം എണ്ണം ക്രമീകരിച്ച് ഈ സദുദ്യമത്തിൽ സജീവപങ്കാളിത്തം വഹിക്കുമ്പോൾ മനുഷ്യൻ മാത്രം ഒറ്റപ്പെടരുത്.

ഇതരജന്തുക്കളെ അപേക്ഷിച്ച് എല്ലാ അർത്ഥത്തിലും മനുഷ്യനാണ് പ്രകൃതിയെ സംരക്ഷിക്കുന്നതിന് നേതൃത്വം നൽകേണ്ടത്. ബുദ്ധിശക്തി കൊണ്ടും സാങ്കേതിക വിദ്യകൊണ്ടും അവൻറെ സ്വന്തം ഉയർച്ചക്ക് വേണ്ടിയുള്ള ശ്രമത്തിനിടയിൽ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് അല്പാല്പമായി കോട്ടം വരുത്തുകയും അത് തുടരുകയും ചെയ്യുന്നത് ആശാവഹമല്ല.

അർച്ചന എം

**STD : VIII B.**

# ബാല്യം എന്ന സുഹൃത്ത്

കാറ്റിനോടും മഴയോടും കളിച്ചു ചിരിച്ചു നടന്നിരുന്ന കാലം. കൺചിമ്മും പോലെ പെട്ടെന്ന് ഓടി മറയുന്ന ബാല്യം. ആദ്യമായി കൂട്ടുകാരെ കിട്ടുന്ന കാലം. കുസൃതികളും കുറുമ്പുകളും കൊണ്ട് നടന്ന കാലം. ആരുംകാണാതെ കൂട്ടുകാരുമൊത്ത് പച്ച പുളിയും മാങ്ങയും നെല്ലിക്കയും കഴിച്ചിരുന്ന കാലം. നന്മ എന്ന കൂട്ടുകാരിയെ കൂടെ കൊണ്ടു നടന്നിരുന്ന കാലം. ആരോടും പിണങ്ങാതെ എല്ലാവരോടും സന്തോഷത്തോടും ചെറുപുഞ്ചിരിയോടും ഇണങ്ങിയിരുന്ന കാലം. ഏവരും ഓർക്കാനിഷ്ടപ്പെടുന്ന കാലം. കാട്ടിലും മേട്ടിലും കൂട്ടുകാരുമൊത്ത് ഓടിനടന്ന കാലം. പ്രത്യാശയോടെ മെട്ടിടുന്ന സ്വപ്നങ്ങൾ പിച്ചവെക്കുന്ന കാലം. മുത്തശ്ശി കഥകൾ കേട്ട് മുത്തശ്ശിയുടെ മടിയിൽ ചാഞ്ഞുറങ്ങിയ ബാല്യം. കൂട്ടുകാരുമൊത്ത് മണ്ണപ്പം ചുട്ടു നടന്ന കാലം. വീട്ടിലേക്കുള്ള വൈദ്യുതി മുടങ്ങുമ്പോൾ ഇരുട്ടിൽ പേടിച്ച് അച്ഛന്റെ അരികിൽ ചെന്നിരിക്കുമ്പോൾ അച്ഛൻ ആകാശത്ത് കാണിച്ചുതരുന്ന നക്ഷത്രങ്ങളുടെ ഭംഗി ആസ്വദിക്കുന്ന തിളക്കമേറിയ രാത്രി കാലം. അമ്മയും അച്ഛനും കൂടിയാണെന്ന് പറഞ്ഞ് വഴക്കിടുന്ന ബാല്യം. പിന്നീട് അമ്മയും അച്ഛനും നിന്റേതു കൂടിയാണെന്ന് പറഞ്ഞു വഴക്കിടുന്ന യൗവ്വനം. കാഴ്ചകൾക്കപ്പുറത്ത് മായാത്ത മധുരമനോഹര ഓർമ്മകൾ സമ്മാനിച്ച കാലം. കൂട്ടുകാരുമൊത്ത് കുളത്തിൽ കുളിക്കാൻ പോയ ബാല്യം പിന്നീടൊരിക്കലും നമ്മെ തേടിയെത്തിയിട്ടില്ല. ഇന്ന് ബാല്യമെന്ന സുഹൃത്ത് നമ്മിൽനിന്നും അകന്നുപോയിരിക്കുന്നു.

ചന്ദന ലക്ഷ്മി

സ്റ്റാൻഡേർഡ്. 8 ഡി

# Environment

The environment with its tressure
*All so countless to measure*
*Fish and whales in the deep blue waters*
*Life in the sea, so alive.*
*Grasslands and forest with*
*terrestrial life,*
*Cold, freezing mountain peaks*
*and hot tiring deserts*
*Life among the trees and*
*sand, so alive.*
*Sky so blue with air so clean*
*Only sun,moon and stars to see*
*Eagles and vultures take their turn*
*Life in the sky so alive*

*Shiyas Rasheed*

# കഴുതത്തോലിട്ട പെൺകുട്ടി

ആയിരം വർഷം മുൻപ്, അലീന എന്നൊരു സുന്ദരിയായ പെൺകുട്ടി ഉണ്ടായിരുന്നു. കിളികളുടെയും പൂമ്പാറ്റകളുടെയും പിന്നാലെ ചുറ്റിത്തിരിഞ്ഞ് നടക്കുന്നത് അവളുടെ വിനോദമായിരുന്നു .ഒരുദിവസം അങ്ങനെ ചുറ്റിക്കറങ്ങി അലീന

കാട്ടിൽ എത്തി. കാടിനുള്ളിലേക്ക് കയറാൻ തുടങ്ങിയതും ഒരു ഭീകര ശബ്ദം." ഈ കാട് ഹിൽഡയുടെ സാമ്രാജ്യമാണ്. ഇവിടെ കയറുന്നവർ തിരികെ പോവില്ല". ഇത്കേട്ടതും അലീന പേടിച്ചുപോയി. അവൾ തിരിഞ്ഞ് ഒറ്റയോട്ടം. പക്ഷേ പിറ്റേന്നും അവൾ അതേ കാട്ടിലെത്തി .ഇത്തവണയും അതേ ശബ്ദം കേട്ടു .പക്ഷേ അലീന പേടിക്കാതെ മുന്നോട്ടു തന്നെ നടന്നു. ഇത്ര ഭംഗിയുള്ള ഒരു സ്ഥലവും അവൾ ജീവിതത്തിൽ ഇതുവരെ കണ്ടിരുന്നില്ല.

പല നിറങ്ങളിലുള്ള പൂക്കളും കിളികളും ചിത്രശലഭങ്ങളും അതെല്ലാം നോക്കി നടന്ന് സമയം പോയത് അറിഞ്ഞതേയില്ല. തിരിച്ചുപോവാൻ നോക്കിയപ്പോഴാണ് അവൾ ആ കാര്യം അറിഞ്ഞത്. തനിക്ക് വഴിതെറ്റി! പാവം അലീന! എത്രയൊക്കെ നടന്നിട്ടും കാടിനു പുറത്തേക്കുള്ള വഴി ഓർമ്മ വന്നില്ല. അവൾ കരയാൻതുടങ്ങി." കരയേണ്ട , ബുദ്ധി പ്രയോഗിച്ചാലേ നിനക്ക് ഇവിടെനിന്ന് രക്ഷപ്പെടാനാവൂ!" ആരോ ഉറക്കെ പറഞ്ഞു

അലീന ശബ്ദംകേട്ട ഭാഗത്തേക്ക് നോക്കി. അവൾ ഞെട്ടിപ്പോയി, അതാ അവിടെയൊരു കഴുതത്തോൽ! "പേടിക്കേണ്ട, ഈ തോലെടുത്ത് നീ തലയിലിട്ടോളൂ നിന്നെ രക്ഷിക്കാൻ ഇതിനു കഴിയും", ശബ്ദം മുഴങ്ങി. നല്ല പേടി തോന്നി എങ്കിലും അവൾ കഴുതത്തോലെടുത്ത് തലയിലിട്ടു. പെട്ടെന്ന്ആ കഴുതത്തോൽ അവളോട് സംസാരിക്കാൻ തുടങ്ങി! " ഹിൽഡ എന്ന ദുഷ്ടയായ മന്ത്രവാദിനിയുടേതാണ് ഈ കാട്. ഇവിടെയുള്ള എല്ലാ മൃഗങ്ങളും അവളുടെ അടിമകളാണ്. ആർക്കും കാട്ടിലേക്ക് വരാനോ ഇവിടെനിന്ന് പോകാനോ കഴിയില്ല. ഈ കാട്ടിലേക്ക് ആരെങ്കിലും
 വന്നാലോ? അവർക്ക് വഴിതെറ്റും! അങ്ങനെ വഴിതെറ്റി ഇവിടെ പെട്ടു പോകുന്നവരെ രാത്രിയിൽ ഹിൽഡ വന്ന്
 പിടിച്ചുകൊണ്ടു പോകും. ഇപ്പോൾ അവൾ വരാൻ സമയമായി" ."അയ്യോ അപ്പോൾ എന്നെ കാണില്ലേ" അലീന പേടിയോടെ ചോദിച്ചു." പേടിക്കേണ്ട. നീ ഈ കഴുതത്തോൽ മൂടി ഒരു കഴുതയെ പോലെ നടന്നാൽ മതി. അവളുടെ കണ്ണിൽ പെടില്ല. അവളുടെ കണ്ണിൽപ്പെടാതെ ആരെങ്കിലും ഈ കാട്ടിൽ ഒരു രാത്രി കഴിഞ്ഞാൽ അവളുടെ എല്ലാ ശക്തിയും നഷ്ടമാകും". അലീന ആ കഴുതത്തോലുമായി വീട്ടിലേക്ക് മടങ്ങി പക്ഷേ പിന്നീട് ഒരിക്കലും അത്അവളോട് സംസാരിച്ചിട്ടില്ല.

സംഗീത സന്തോഷ്

Std : 10 B

# പ്രളയം ബാധിച്ച കേരളം

ഇടവിടാതെ പെയ്ത മഴയിൽ ഒലിച്ചു-
പോയി ഒരു മാനവരാശി തൻ ജീവിതവും
കലി തീരാതൊഴുകിയ പുഴതൻ വഴിയിൽ
ഒഴുകി നടന്നൊരു മാനവ ജീവിതം
എവിടെയും നിറയുന്നു കരച്ചിലും തേങ്ങലും
ഒരു കൈതാങ്ങിനായി തേങ്ങുന്നു മക്കളും
പ്രാണവായുവില്ല പ്രാണജലവുമില്ല
എവിടെയും പ്രളയവും നിഗൂഢതയും മാത്രം
പ്രകൃതിതൻ തുമ്മലിൽ എല്ലാം തകർന്നു പോയി
കൈമുതലായവയെല്ലാം നശിച്ചുപോയി
ധനികനും ദരിദ്രനും ഒരു കുടക്കീഴിൽ
കഴിയുകയാണിവിടെ നാം എന്നോർക്കുക
എവിടെ നിൻ മതവും ജാതിയും
എവിടെ നിൻ നിറമുള്ള കൊടികളും
ഇതാ പ്രകൃതി നിനക്കായി തന്നൊരു പാഠം
ഇനിയുള്ള ജീവിതവഴിയിൽ നീ ഓർക്കുക
എല്ലാവരും തുല്യരാണെന്ന സത്യം

ആദിത്യൻ. എ
STD : VIII D

# സാമൂഹ്യ പ്രശ്നം


ഞാനിന്നു രാവിലെ നടക്കാനിറങ്ങി
എന്തൊരു നാറ്റം സഹിക്കാൻ വയ്യ
മലയാളികളുടെ വൃത്തിബോധം
വീട്ടിലെ വേസ്റ്റുകൾ വഴിയരികിൽ
നായകൾ പൂച്ചകൾ കടിപിടികൂടി
കൊതുകുകൾ അങ്ങനെ പെരുകിപ്പെരുകി
രോഗങ്ങളോ പുതുപുതു പേരിൽ
തക്കാളിപ്പനി, ഡെങ്കിപ്പനി
നിപ്പാവൈറസ് അങ്ങനെയിങ്ങനെ
നമ്മളോ പൗഡറും പൂശി നടക്കുന്നു
രോഗം വന്നു വലയുമ്പോൾ
സാമൂഹ്യബോധം ഒട്ടും ഇല്ല
ഇന്നത്തെ തലമുറയ്ക്ക് തീരെയില്ല

അതുൽ സുരേഷ്
STD : VIII D

# Sands Of love

I want to walk with you
hand in hand along the soft sand
holding you tightly to me
as we softly cares
To be into you and you into me
To a depth neither wants controlled
Tasting you inhaling your
Breath as we kiss ,
To Love as we never knew.
A love so caring ,passionate
tender and true,
As we lay on the soft sand

**Shiyas**
**STD : X C**


GOVT. V . H . S . S . CHUNAKKARA 36013
ഇന്ന് നിങ്ങളെ
എന്താണോ
ദുഃഖിപ്പിച്ചത് അത്
നാളെ നിങ്ങളെ
ശക്തനാക്കും.